# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 01 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**കോവിഡിനെ പ്രതിരോധിക്കാൻ ആന്റിജൻ പരിശോധന ശക്തമാക്കി ആരോഗ്യവകുപ്പ്**

ശബരിമല സന്നിധാനത്തും പമ്പയിലും 14 ദിവസത്തിൽ അധികം സേവനം അനുഷ്ഠിക്കുന്ന എല്ലാവിഭാഗം ജീവനക്കാർക്കും സന്നദ്ധ സേവകർക്കും ആരോഗ്യവകുപ്പിന്റെ കോവിഡ് 19 ആന്റിജൻ പരിശോധന ആരംഭിച്ചു. പ്രതിദിനം 200 പേരെ വീതമാണ് പമ്പയിലെ ആരോഗ്യകേന്ദ്രത്തിൽ പരിശോധിക്കുന്നത്. ആദ്യദിനമായ തിങ്കളാഴ്ച ശബരിമല ശുചീകരണ വിഭാഗം തൊഴിലാളികളായ 200 പേരെ പരിശോധിച്ചതിൽ നാല് പേർ പോസിറ്റീവായി. ഇവരെ എരുമേലി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് മാറ്റി.

പമ്പയിലെ ആരോഗ്യകേന്ദ്രത്തിൽ വൈകുന്നേരം മൂന്ന് മുതലാണ് പരിശോധന ആരംഭിക്കുന്നത്. സന്നിധാനത്തും പമ്പയിലും കോവിഡ് രോഗവ്യാപന സാധ്യത പ്രതിരോധിക്കുന്നതിനുള്ള ആരോഗ്യവകുപ്പിന്റെ പദ്ധതിയുടെ ഭാഗമായാണ് ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കുമായി പരിശോധന ആരംഭിച്ചത്. ഓരോ വിഭാഗം ജീവനക്കാരുടെയും സന്നദ്ധ സേവകരുടെയും കണക്കെടുത്താണ് പരിശോധന നടത്തുന്നത്.

.

**(പി .ആർ. ശബരി -64)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 01 | 2020 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**തീർഥാടകരെ കാത്ത് ദേവസ്വം പുസ്തകശാല**

ശബരിമല തീർഥാടകർക്കായി സന്നിധാനത്ത് അക്ഷരലോകം ഒരുക്കി കാത്തിരിക്കുകയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പുസ്തകശാല. ഐതീഹ്യങ്ങളും ചരിത്രവും ഉൾപ്പെടെ ലളിതമായി വായിക്കാവുന്ന നിരവധി പുസ്തകങ്ങൾ ദേവസ്വം പുസ്തകശാലയിൽ ലഭ്യമാണ്. അടുത്ത മണ്ഡല- മകരവിളക്ക് തീർഥാടന കാലം ഉൾപ്പെടെ ശബരിമലയിലെ പ്രധാന ചടങ്ങുകളുടെയും വഴിപാടുകളുടെയും വിശദവിവരങ്ങൾ ഉൾപ്പെടുത്തിയ ഡയറിക്ക് ആവശ്യക്കാരേറെയാണ്.

മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ നാലു ഭാഷകളിൽ ഉള്ള വിവരങ്ങൾ ദേവസ്വം ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 180 രൂപയാണ് ദേവസ്വം ഡയറിയുടെ വില. ദേവസ്വം പബ്ലിക്കേഷന്റെ രാമായണവും കറന്റ് ബുക്ക്സ് അടക്കം 13 പബ്ലിക്കേഷൻസ് പുറത്തിറക്കിയ നിരവധി പുസ്തകങ്ങളും ഇവിടെ വിൽപനയ്ക്കുണ്ട്. നിലവിൽ സാധാരണ ദിവസങ്ങളിൽ ശരാശരി 8000 രൂപയും ശനി ഞായർ ദിവസങ്ങളിൽ 16,000 രൂപയും ഇവിടെ വരുമാനമുണ്ട്.

**(പി .ആർ. ശബരി -65)**

***ഫോട്ടോ അടിക്കുറിപ്പ്- ബുക്ക്ഷോപ്പ്-***
ശബരിമല സന്നിധാനത്തെ ദേവസ്വം ബോർഡിന്റെ പുസ്തകശാല.

**ശബരിമല വിശേഷങ്ങൾ (02.12.2020)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തൽ
5 ന്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതൽ 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

**(പി .ആർ. ശബരി -66)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.